STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.196/PR/SPMC/PHQ/2022 Date:07.10.2022

## ലഹരിവിരുദ്ധ ക്യാമ്പയിൻ : എസ്.പി.സി സ്കൂൾ വിദ്യാർത്ഥികൾ നോൺ എസ്.പി.സി സ്കൂളുകൾ ഏറ്റെടുത്ത് ബോധവത്ക്കരണം നടത്തും

സർക്കാരിന്റെ ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിന് സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ സ്കൂളുകളിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. ഓരോ എസ്.പി.സി സ്കൂളും പദ്ധതി നിലവിലില്ലാത്ത അഞ്ച് സ്കൂളുകൾ വീതം ഏറ്റെടുത്താണ് ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നത്. ലഹരി ഉപഭോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ഓരോ എസ്.പി.സി കേഡറ്റും നൂറു പേരെ ബോധവത്ക്കരിക്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

സംസ്ഥാനത്ത് സ്റ്റുഡന്റ് പോലീസ് പദ്ധതി നിലവിലുള്ള 1000 സ്കൂളുകളിലെ 84,000 കുട്ടികളുടെ സജീവ പങ്കാളിത്തത്തോടെയാണ് ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുക. ലഹരി വസ്തുക്കളുടെ ഉപയോഗം കുട്ടികളിലുണ്ടാക്കുന്ന ശാരീരിക മാനസിക പ്രശ്നങ്ങളെ കുറിച്ചും സാമൂഹിക പ്രത്യാഘാതങ്ങളെകുറിച്ചുമുള്ള അവബോധം പദ്ധതിയിലൂടെ നൽകും. സംസ്ഥാനത്തെ 6000 സ്കൂളുകളിലെ കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

സ്കൂൾ പരിസരങ്ങളിലെ ലഹരി വിൽപ്പനയും ഉപഭോഗവും കണ്ടെത്താൻ എസ്.പി.സി കുട്ടികൾ മുൻകൈയെടുക്കും. ലഹരിക്ക് അടിമയായ കുട്ടികളെ കണ്ടെത്തി വിമുക്തിയുടെ ഡി അഡിക്ഷൻ കേന്ദ്രങ്ങളിൽ എത്തിച്ച് ചികിൽസ ലഭ്യമാക്കും. വിമുക്തിയുടെ ലഹരി മോചന കേന്ദ്രങ്ങളെ കുറിച്ചുള്ള അവബോധവും ഇവർ നൽകും. ലഹരി വസ്തുക്കൾ ഉപേക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന പോസ്റ്റർ രചനാ മത്സരങ്ങൾ, ലഹരിക്ക് അടിമപ്പെട്ടവരുടെ ജീവിതാവസ്ഥ നേരിട്ട് മനസിലാക്കുന്നതിനായി ലഹരി വിമോചന കേന്ദങ്ങളിലെ സന്ദർശനം എന്നിവയും ഇതിനോടനുബന്ധിച്ച് നടത്തും.

ലഹരി ഉപയോഗം മൂലമുണ്ടാകുന്ന വെല്ലുവിളികൾ, നിയമവശങ്ങൾ എന്നിവയെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസുകൾ 'സാറ്റർഡേ ടോക്ക്' എന്ന പേരിൽ ഒരു

മാസം എല്ലാ ശനിയാഴ്ചയും കുട്ടികൾക്കായി സംഘടിപ്പിക്കും. അതത് വിഷയങ്ങളിലെ വിദഗ്ദ്ധരാണ് കുട്ടികൾക്കായി ഓൺലൈൻ വീഡിയോ ക്ലാസ് എടുക്കുന്നത്. ലഹരിക്ക് അടിമപ്പെട്ടശേഷം ജീവിതത്തിലേക്ക് തിരിച്ചെത്തിയവരുടെ അനുഭവങ്ങൾ ഉൾക്കൊള്ളിച്ച് 'വോയിസ് ഓഫ് വിക്ടിംസ്' എന്ന വീഡിയോ സീരീസും പ്രദർശിപ്പിക്കും. വിപുലമായ സോഷ്യൽമീഡിയ ക്യാമ്പയിനും ഇതിന്റെ ഭാഗമായി എസ്.പി.സി സംഘടിപ്പിച്ചിട്ടുണ്ട്.

*************************